"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

വിജിലൻസ് വകുപ്പ്- കോഴിക്കോട് എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-25 വർഷത്തെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിജിലൻസ് (സി) വകുപ്പ്**

സ.ഉ.(അച്ചടി) നം.9/2025/VIG തീയതി,തിരുവനന്തപുരം, 06-10-2025.

---

പരാമർശം:- കോഴിക്കോട് എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ 11.7.2025ലെ ഇ962/25/ഇസികെ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് എൻക്വയറി കമ്മിഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജ് കോടതിയുടെ 2024-25 വർഷത്തെ ഭരണ റിപ്പോർട്ട് പ്രത്യവലോകനം ചെയ്ത് രേഖപ്പെടുത്തുന്നു.

2. അഴിമതി നിരോധന നിയമ പ്രകാരം സംസ്ഥാനത്ത് സ്ഥാപിതമായിട്ടുള്ള ആറ് സ്പെഷ്യൽ കോടതികളിൽ ഒന്നാണ് കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ കോടതി. കോഴിക്കോട്, മലപ്പുറം എന്നീ റവന്യൂ ജില്ലകളാണ് ഈ കോടതിയുടെ അധികാര പരിധിയിൽ വരുന്നത്.

3. അഴിമതി നിരോധന നിയമത്തിൽ പ്രതിപാദിക്കപ്പെടുന്ന കുറ്റങ്ങൾ പ്രകാരവും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരവും ചാർജ്ജ് ചെയ്യപ്പെടുന്ന പ്രതികളെയാണ് ഈ കോടതിയിൽ വിചാരണ ചെയ്യുന്നത്. കൂടാതെ എൻക്വയറി കമ്മീഷണർ എന്ന നിലയിൽ 1960 ലെ കേരള സിവിൽ സർവീസസ് (വിജിലൻസ് ട്രൈബ്യൂണൽ) ചട്ടങ്ങൾ പ്രകാരം കേരള വിജിലൻസ് ട്രൈബ്യൂണലിനുള്ള എല്ലാ അധികാരങ്ങളും ഈ കോടതിയിൽ നിക്ഷിപ്തമാണ്.

4. റിപ്പോർട്ട് വർഷം ശ്രീ. ഷിബു തോമസ് എൻക്വയറി കമ്മീഷണർ ആൻഡ് സ്പെഷ്യൽ ജഡ്ജിയുടെ ചുമതല വഹിച്ചു വന്നിരുന്നു.

5. റിപ്പോർട്ട് വർഷാരംഭത്തിൽ ഈ കോടതിയുടെ പരിഗണനയിൽ 107 കേസുകൾ നിലവിലുണ്ടായിരുന്നു. പുതുതായി 14 കേസുകൾ ഫയൽ ചെയ്തിട്ടുണ്ട്. നടപ്പ് വർഷത്തിൽ 14 കലണ്ടർ കേസുകൾ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് വർഷാവസാനം 107 കേസുകൾ ബാക്കി നിൽക്കുന്നുണ്ട്. റിപ്പോർട്ട് വർഷാരംഭത്തിൽ 172 പ്രഥമ വിവര റിപ്പോർട്ടുകൾ നിലവിലുണ്ടായിരുന്നു. പുതുതായി 25 പ്രഥമ വിവര റിപ്പോർട്ടുകൾ ഫയൽ ചെയ്യുകയുമുണ്ടായി. അവയിൽ 8 എണ്ണത്തിൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ട്. വർഷാവസാനം 189 പ്രഥമ വിവര റിപ്പോർട്ടുകൾ ബാക്കി നിൽക്കുന്നുണ്ട്.

6. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനത്തിനായി 1,37,99,699/- (ഒരു കോടി

മുപ്പത്തിയേഴ് ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയൊൻപത് രൂപ മാത്രം ) ചെലവായിട്ടുണ്ട്. കോർട്ട് ഫീ സ്റ്റാമ്പ് ഇനത്തിൽ 14,634/- (പതിനാലായിരത്തി അറുന്നൂറ്റി മുപ്പത്തി നാല് രൂപ മാത്രം) രൂപ വരവുണ്ടായിട്ടുണ്ട്.

7. റിപ്പോർട്ട് വർഷം ഈ കോടതിയുടെ പ്രവർത്തനം തൃപ്തികരമായിരുന്നുവെന്ന് വിലയിരുത്തുന്നു.

8. അംഗീകരിച്ച ഭരണറിപ്പോർട്ട് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ദീപ ശിവദാസൻ
അഡിഷണൽ സെക്രട്ടറി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഹയർ ഓഡിറ്റ് (എച്ച്.എ. സെൽ)), കേരളം, തിരുവനന്തപുരം.
എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജ്, കോഴിക്കോട്.
ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ്, തിരുവനന്തപുരം.
ചെയർമാൻ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പബ്ലിക് അഡ്മിനിസ്ട്രേഷൻ, ന്യൂഡൽഹി (ആമുഖ കത്ത് സഹിതം).
പൊതുഭരണ (പി.എസ്) വകുപ്പ്.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Smitha. V. V
Date: 04-11-2025 11:50:51
സെക്ഷൻ ഓഫീസർ